# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4731 — 29.06.12-ൽ മറുപടിക്ക്.

### പ്രദേശങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ചിറ്റയം ഗോപകുമാർ | | ഡോ.എം.കെ.മുനീർ (ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭാവനം ചെയ്യുന്ന മിക്ക പദ്ധതികളും, പ്രാദേശികമായ പ്രത്യേക സാഹചര്യങ്ങൾ പരിഗണിക്കാതെയുള്ളവയാകയാൽ, മിക്കപ്പോഴും അപ്രായോഗികമായി ത്തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | അതതു പ്രദേശത്തിന്റെ ഭൗതിക സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പ്രദേശത്തിനനുയോജ്യമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് വേണ്ടി മാത്രമായി വിദഗ്ദ്ധ സമിതികൾ നിലവിലുണ്ടോ; | (ബി) | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ പദ്ധതി ആസൂത്രണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ വിഷയമേഖലകൾക്ക് പ്രവർത്തന കമ്മിറ്റികൾ (വർക്കിംഗ് ഗ്രൂപ്പുകൾ) രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. ഈ വർക്കിംഗ് ഗ്രൂപ്പുകൾ പ്രദേശത്തിനനുയോജ്യമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങളെ സഹായിക്കുന്നതാണ്. |
| (സി) | ഇല്ലായെങ്കിൽ സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അത്തരം സമിതികളുടെ ബ്ലോക്ക്/ജില്ല അടിസ്ഥാനത്തിലുള്ള രൂപീകരണത്തിന് ശ്രമം ഉണ്ടാകുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ